<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132</u> <u>04-02-2026 - ൽ മറുപടിയ്ക്ക്</u>

<u>ഉപ്പുവെള്ളം കയറിയുള്ള കൃഷിനാശം തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ തീരമേഖലയോട് ചേർന്ന് ഉപ്പുവെള്ളം കയറുന്നത് കൃഷിയെ ബാധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കടൽത്തീരത്തുനിന്ന് ഉൾനാടൻ ജലാശയങ്ങളിലേക്ക് ഉപ്പുവെള്ളം കയറി കൃഷിഭൂമിയുടെ സ്വാഭാവിക ഘടന നഷ്ടമാകുന്നത് തടയാൻ സാധ്യമാകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉപ്പുവെള്ളം കയറിയുള്ള കൃഷിനാശം തടയുന്നതിന് വിവിധ ജില്ലകളിൽ പ്രാദേശികമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.<br><br>കേരളത്തിന്റെ തീരമേഖലയിൽ വേമ്പനാട് കായലിൽ കുട്ടനാട് കായൽ കൃഷി ഗവേഷണ കേന്ദ്രം നടത്തിയ പഠനങ്ങളിൽ, കായലിലെ ലവണത വർഷം തോറും വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2010 മുതൽ 2018 വരെയുള്ള കാലയളവിൽ തണ്ണീർമുക്കം ബണ്ടിന്റെ തൊട്ടു വടക്ക് വൈക്കം കായലിൽ ലവണത 23ppt വരെ ഉയർന്ന് കാണപ്പെട്ടിരുന്നു. ഉയർന്ന വേലിയേറ്റം മൂലം കൊച്ചി കായലിൽ നിന്ന് ലവണത ഏറിയ ജലം ബണ്ടിന്റെ വടക്ക് ഭാഗം വരെ വ്യാപിക്കുന്നതായി വിലയിരുത്തപ്പെട്ടു. എന്നാൽ 2018ലെ പ്രളയാനന്തരം നദികളിൽ കൂടി ഉള്ള നീരൊഴുക്ക് വർദ്ധിച്ചതോടെ ലവണതയുടെ വർദ്ധന കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ വ്യതിയാനം മൂലം കാലവർഷം വൈകുന്ന സാഹചര്യങ്ങളിൽ തീരകടലിനോട് അടുത്ത് ഉള്ള പൊക്കാളി പാടങ്ങളിലും ഉയർന്ന ലവണത രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>തണ്ണീർമുക്കം ബണ്ടിന്റെ തെക്ക് ഭാഗത്ത് കുട്ടനാടൻ മേഖലയിൽ തോട്ടപ്പള്ളി സ്പിൽവേയ്ക്ക് മുകളിൽ ലീഡിംഗ് ചാനലിൽ സ്പിൽവേയിലൂടെ ലവണ ജലം കടന്നുകയറി, പരമാവധി ഉപരിതല ലവണത 4 ppt |

| | | | |
|---|---|---|---|
| | | | വരെയും അടിത്തട്ടിൽ 10 ppt വരെയും ഉയരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>**ആഴം കൂടിയ ഇടങ്ങളിൽ ലവണസാന്ദ്രത കൂടുതൽ ആണ്. നെൽ കൃഷിക്ക് സഹനീയമായ ലവണത 2 ppt ആയിരിക്കെ ഇത് നെൽകൃഷിക്ക് ഹാനികരം ആയി തീർന്നിട്ടുണ്ട്.**<br><br>ആലപ്പുഴ ജില്ലയിൽ ഇതിനായി ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ കൃഷിവകുപ്പ്, ഇറിഗേഷൻ വകുപ്പ്, കേരള സെന്റർ ഫോർ പെസ്റ്റ് ആന്റ് ഡിസീസ് മാനേജ്മെന്റ് (കെ.സി.പി.എം), എം.എസ്. സ്വാമിനാഥൻ റൈസ് റിസർച്ച് സ്റ്റേഷൻ (എം.എസ്.എസ്, ആർ.എസ്.) എന്നിവയുടെ സഹകരണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>എ) ഉപ്പുവെള്ളത്തിന്റെ എൻട്രി പോയിന്റുകളിൽ സമയബന്ധിതമായി ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br><br>ബി) കെ.സി.പി.എം-ന്റെ നേതൃത്വത്തിൽ ജലം, മണ്ണ് എന്നിവയിലെ ഉപ്പുവെള്ളത്തിന്റെ തോത് (സലൈനിറ്റി) കൃത്യമായി മോണിറ്റർ ചെയ്ത് കർഷകർക്ക് കൃഷിഭവൻ വഴി കൃത്യമായ സാങ്കേതിക ഉപദേശം നൽകുകയും പ്രസ്തുത സാഹചര്യങ്ങളെ അതിജീവിക്കാൻ ഈ മേഖലയിലെ കർഷകർക്ക് കുമ്മായവും ഡോളോമൈറ്റും, കാത്സ്യം സിലിക്കേറ്റും ഹെക്ടറിന് 350-600 kg എന്ന തോതിൽ കൃഷി വകുപ്പ് ലഭ്യമാക്കുന്നുമുണ്ട്.<br><br>സി) ആഴം കൂടിയ ഇടങ്ങളിൽ ലവണസാന്ദ്രത കൂടുതൽ ആണ്. നെൽ കൃഷിക്ക് സഹനീയമായ ലവണത 2 ppt ആയിരിക്കെ ഇത് നെൽകൃഷിക്ക് ഹാനികരം ആയി തീർന്നിട്ടുണ്ട്. ആയതിനു പരിഹാരം എന്ന നിലയിൽ തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളുടെ കേടുപാടുകൾ തീർക്കുന്നതിനും ഓരുമുട്ടുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ഉപ്പുവെള്ളത്തിന്റെ പ്രവേശനം തടയുവാൻ മലപ്പുറം ജില്ലയിൽ വിസിബി തടയണ സ്ഥാപിച്ചിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കെ എ യു എന്നിവരുമായി ചർച്ചകൾ നടത്തി വരുന്നു. |
| (സി) | ഇത്തരത്തിൽ ഉപ്പുവെള്ളം കയറുന്നത് ഉൾനാടൻ ജലാശയങ്ങളോട് ചേർന്നുള്ള ജൈവവ്യവസ്ഥയെ | (സി) | അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം കുട്ടനാട്, കാർഷിക സർവ്വകലാശാലയുടെ കുമരകം, മങ്കൊമ്പ് ഗവേഷണ കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | ബാധിക്കുന്നത് ഒഴിവാക്കുവാൻ വിദഗ്ധരുടെ മാർഗനിർദേശം ആരായുമോ; | | എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ ഇത് സംബന്ധിച്ച പഠനങ്ങൾ നടത്തി വരികയാണ്. |
| (ഡി) | ആവശ്യമായ പോഷകങ്ങൾ ഇല്ലാത്തതിനാൽ കൃഷി ഉൽപ്പാദനം കുറയുന്നതും കൃഷി ഉപേക്ഷിക്കേണ്ടതായി വരുന്നതും ഭൂജല നിരപ്പിൽ നിന്നും താഴ്ന്ന് കിടക്കുന്ന കുട്ടനാടിന്റെ സ്ഥിതി ഗുരുതരമാക്കുന്നതിനെയും നേരിടുവാൻ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്, കാർഷിക സർവകലാശാല കുമരകം, മങ്കൊമ്പ് ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ കുട്ടനാട്ടിലെ പ്രശ്നങ്ങൾ നേരിടുന്നതിനു കൃത്യമായ പഠനങ്ങളും കർമ്മ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്.<br><br>രണ്ടാം കുട്ടനാട് പാക്കേജിന്റെ കീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>* മണ്ണും ജലവും നിരീക്ഷിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കൽ<br><br>* കുട്ടനാട് ഇക്കോസിസ്റ്റത്തിനായി ഒരു പോർട്ടൽ സ്ഥാപിക്കൽ<br><br>* മണ്ണിന്റെ പോഷക നിലയുടെ സ്ഥിരമായ നിരീക്ഷണ സംവിധാനം<br><br>* ദിവസേന വെള്ളത്തിന്റെ ലവണാംശം പരിശോധിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം.<br><br>* നിർണ്ണായക മേഖലകളും ആവശ്യമായ ഇടപെടലുകളും ദിവസേന അപ്‌ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം.<br><br>* ബണ്ടുകളുടെ നിർമ്മാണം / ബലപ്പെടുത്തൽ/ ചാനലുകളുടെ ആഴം കൂട്ടൽ /നിർമ്മാണം<br><br>കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ഉപ്പ വെള്ളം പ്രതിരോധിക്കുന്ന നെൽ വിത്തിനങ്ങളായ വൈറ്റില 1-9, 10 (ലാവണ്യ), 11 (ജ്യോൽസ്ന), ഏഴോം 1-3 തുടങ്ങിയവ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ